**Malayala Manorma**

**18 June 2018**

**Kakkanad: Landslide, destruction**



കാക്കനാട് കീരേലിമല ഇരുപത്തൊന്ന് കോളനിയോടനുബന്ധിച്ച മലയുടെ അടിഭാഗം ഇടിയുന്ന നിലയിൽ. മണ്ണിടിച്ചിൽ തുടർന്നാൽ മുകളിലെ വീടുകൾക്കും താഴത്തെ വീടുകൾക്കും ഭീഷണിയാണ്.

# കീരേലിമലയിൽ മണ്ണിടിച്ചിൽ ഭീഷണി

■ മലയുടെ താഴെയും മുകളിലുമായി പ്രാണഭീതിയോടെ ഒട്ടേറെ കുടുംബങ്ങൾ

കാക്കനാട് ● അത്താണി കീരേലിമല ഇരുപത്തൊന്ന് കോളനിയിൽ മണ്ണിടിച്ചിൽ ഭീതി തുടരുന്നു. ഇന്നലെയും ബുധനാഴ്ചയുമായി പലതവണ ചെറിയ തോതിലുണ്ടായ മണ്ണിടിച്ചിൽ നാട്ടുകാരിൽ ഭീതി ഉയർത്തിയിട്ടുണ്ട്.

മുകൾത്തട്ടിലെ ആറു വീടുകളും താഴെ തട്ടിലെ 21 വീടുകളുമാണ് മണ്ണിടിച്ചിൽ ഭീഷണി നേരിടുന്നത്. കുന്നിന്റെ അടിത്തട്ടിലാണു നിലവിൽ മണ്ണിടിയുന്നത്. ഇതു മുകളിലേക്കു വ്യാപിച്ചാൽ വലിയ അപകടത്തിനു കാരണമാകും. കീരേലിമല ഇരുപത്തൊന്ന് കോളനിയിലും മുകളിലുമുള്ള 27 വീടുകൾ ദുരന്ത ഭീതി നേരിടാൻ തുടങ്ങിയിട്ടു വർഷങ്ങളായി.

ഇവിടെ സംരക്ഷണ ഭിത്തി കെട്ടാൻ അഞ്ചു വർഷം മുമ്പ് 1.65 കോടി രൂപ സർക്കാർ അനുവദിച്ചിരുന്നു.

നടപടികൾ പുരോഗമിച്ചില്ലെന്നു മാത്രം. പലതവണ കലക്ടർ ഉൾപ്പെടെയുള്ളവർ സ്ഥലത്തെത്തി ഗുരുതരവാസ്ഥ മനസിലാക്കിയിരുന്നു.

വർഷങ്ങൾക്കു മുമ്പ് നഗരസഭ എസ്റ്റിമേറ്റെടുത്തപ്പോൾ ആദ്യം 75 ലക്ഷം രൂപയും പിന്നീട് പുതുക്കിയ നിരക്കനുസരിച്ച് എസ്റ്റിമേറ്റ് പരിഷ്ക്കരിച്ചപ്പോൾ 1.10 കോടി രൂപയും ചെലവാകുമെന്നായിരുന്നു കണക്ക്.

അതിനു ശേഷം പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റെടുത്തപ്പോൾ ചെലവ് 1.65 കോടിയായി ഉയർന്നു.

പിന്നീട് ചുമതലയേറ്റെടുത്ത കൺസ്ട്രക്ഷൻ കോർപറേഷനാണ് എസ്റ്റിമേറ്റ് 2.63 കോടി രൂപയിലെത്തിച്ചത്.

കീരേലിമലയിലെ സുരക്ഷാ ഭിത്തി നിർമാണത്തിനുൾപ്പെടെയുള്ള നടപടികൾ ഊർജിതമാക്കുമെന്ന് ഇവിടത്തെ വാർഡ് കൗൺസിലർ കൂടിയായ നഗരസഭാധ്യക്ഷ എം.ടി. ഓമന പറഞ്ഞു.